# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 20-10-2012

## കേരളത്തിൽ "താലിബാനിസം" നടപ്പിലാക്കാൻ അനുവദിക്കില്ല

## കെ.എസ്.ടി.എ

അധ്യപികമാർ പച്ചനിറത്തിലുള്ള കോട്ടോ പർദ്ദയോ ധരിച്ച് സ്ക്കൂളിൽ വരണമെന്ന അരീക്കോട് സുല്ലമുസ്സലാം ഓറിയന്റൽ ഹൈസ്ക്കൂൾ മാനേജരുടെ ഉത്തരവ് നടപ്പിലാക്കാത്ത അധ്യാപികയെ സസ്പെന്റ് ചെയ്ത മാനേജ്മെന്റിന്റെ നടപടി കേരളത്തിൽ താലിബാനിസം നടപ്പിലാക്കാനുള്ള ശ്രമമാണെന്ന് കെ.എസ്.ടി.എ സംസ്ഥാനകമ്മറ്റി അഭിപ്രായപ്പെട്ടു. അധ്യാപികമാരുടെ ആത്മാഭിമാനത്തിലും വ്യക്തിസ്വാതന്ത്ര്യത്തിലുമുള്ള ഇത്തരം നിയമവിരുദ്ധമായ കടന്നുകയറ്റങ്ങൾക്കെതിരെ മുഴുവൻ ജനങ്ങളും രംഗത്തുവരണമെന്ന് കെ.എസ്.ടി.എ ആവശ്യപ്പെട്ടു. മാന്യമായ രീതിയിൽ ഇഷ്ടപ്പെട്ട കളർ ധരിച്ച് സ്കൂളിൽ എത്താമെന്ന വ്യവസ്ഥ നിലനിൽക്കെയാണ് സ്ക്കൂൾ മാനേജ്മെന്റിന്റെ ഈ കാടത്ത നടപടി. ബന്ധപ്പെട്ട മാനേജ്മെന്റിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും അധ്യാപികയുടെ സസ്പെൻഷൻ ഉടൻ പിൻവലിക്കണമെന്നും കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി